# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ - ശ്രീ. വി.ആർ.ജോഷി)

**വിഷയം: പിന്നാക്ക സമുദായ വികസനം –ജീവനക്കാര്യം– ശ്രീ. പി.വി. ശ്രീജിത്ത് ക്ലാർക്ക് ന് Good Service Entry നൽകി ഉത്തരവാകുന്നു**

---

**ഉത്തരവ് നം. BCDD/A1/ 395 /12** **തീയതി : 30/11/2013**

---

സംസ്ഥാനത്ത് പിന്നാക്ക സമുദായ വികസന വകുപ്പ് 2011 ൽ രൂപീകരിച്ചതിനെ തുടർന്ന് ആദ്യമായി വകുപ്പ് നേരിട്ട് നടപ്പാക്കിയ പദ്ധതിയാണ് ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്. പദ്ധതികൾ സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിന് ആവശ്യമായ ഫീൽഡ് തല ആഫീസുകളോ ജീവനക്കാരോ ഇല്ലാതെ രൂപീകരണവേളയിൽ അനുവദിച്ച പരിമിത എണ്ണം ജീവനക്കാരുടെ സേവനത്താൽ മാത്രം പ്രവർത്തനം നടത്തിവരുന്ന പിന്നാക്ക സമുദായ വികസന വകുപ്പ് 2012–13 ൽ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം വിജയകരമായി നടപ്പിലാക്കി.

വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചത്. ഈ ചുമതലകൾ സ്തുത്യർഹമായ രീതിയിൽ നിർവ്വഹിച്ചതിൽ മുഖ്യപങ്ക് വഹിച്ചത് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ക്ലാർക്ക് ശ്രീ. പി.വി. ശ്രീജിത്ത് ആണ്.

പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന ആറ് ലക്ഷത്തിൽപ്പരം അപേക്ഷകരുടെ വിവരങ്ങൾ ഐ.ടി.@സ്കൂളിന്റെ സാങ്കേതിക സഹായത്തോടെ സജ്ജീകരിച്ച സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയാണ് സ്കൂൾ അധികൃതർ മുഖേന വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായത്. ഡാറ്റാ എൻട്രിയ്ക്കായി സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയും ഹെഡ്മാസ്റ്റർമാർക്ക് യൂസർ കോഡും പാസ്വേർഡും നൽകിയിരുന്നു. സ്കൂളധികൃതർക്ക് യാതൊരുവിധ പരിശീലനവും നൽകുന്നതിന് വകുപ്പിന് സാധിച്ചിരുന്നില്ല. അധ്യാപകർക്കും രക്ഷാകർത്താക്കൾക്കും ഡാറ്റാ എൻട്രി സംബന്ധമായ സംശയനിവാരണത്തിനും മറ്റും ടെലഫോൺ മുഖേനയും, ബ്ലോഗ്, ഇ മെയിൽ എന്നിവ വഴിയും ആഫീസ് സമയത്തിനു പുറമെയും , അവധി ദിവസങ്ങളിലും ശ്രീ. ശ്രീജിത്ത് സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ടി പദ്ധതി പ്രകാരം 10984 സ്കൂളുകളിലെ 3,05,806 വിദ്യാർത്ഥികൾക്കായി 25.68 കോടി രൂപ വിതരണം ചെയ്യുകയുണ്ടായി. സ്ഥാപനമേധാവികളുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടുകളിലേക്ക് NEFT സംവിധാനം ഉപയോഗിച്ച് തുക ട്രാൻസ്ഫർ ചെയ്യുകയാണ് ഉണ്ടായത്. ബാങ്ക് അക്കൗണ്ടുകളിലെ തകരാറുകൾ പരിഹരിക്കുന്നതിലും, സ്ഥാപനമേധാവികളുമായും ബാങ്ക് അധികൃതരുമായും ബന്ധപ്പെട്ട് തുക വിതരണം കാര്യക്ഷമമാക്കുന്നതിലും ടിയാൻ വഹിച്ച പങ്ക് ഏറെ വലുതാണ്.

Scanned by CamScanner

കമ്പ്യൂട്ടർ എഞ്ചിനീയറിംഗിൽ ത്രിവത്സര ഡിപ്ലോമ യോഗ്യത നേടിയ ശ്രീ. പി.വി. ശ്രീജിത്തിന്റെ സാങ്കേതിക പരിജ്ഞാനവും അർപ്പണ മനോഭാവവും ആത്മാർത്ഥമായ സേവനവും ഇ ഗവേർണൻസ്, എം ഗവേർണൻസ്, ഓൺലൈൻ ബാങ്കിങ് എന്നിവയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം വിജയകരമായി നടപ്പാക്കിയതും, ഒ.ബി.സി എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന്റെ പ്രാഥമിക നടപടിക്രമങ്ങൾ വിജയകരമായി നിർവ്വഹിച്ചതും പ്രത്യേക അഭിനന്ദനം അർഹിക്കുന്നു.

ഈ സേവനം വിലയിരുത്തി ശ്രീ. പി.വി ശ്രീജിത്തിന് **Good Service Entry** നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഡയറക്ടർ

V.R. JOSHI
DIRECTOR
BACKWARD COMMUNITIES DEVT. DEPT.
GOVERNMENT OF KERALA
THIRUVANANTHAPURAM-695 003

ശ്രീ. പി.വി ശ്രീജിത്ത്, ക്ലാർക്ക്

പകർപ്പ് :
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് –
സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനായി – (ഉപരിപത്രം സഹിതം)
ഡയറക്ടറുടെ മേശ മേൽ
കരുതൽ / അധികം

പി.വി.എസ് 30.11.13

Scanned by CamScanner